(ബി) ക്രമക്കേട് കാട്ടിയ സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതികൾക്കെതിരെ സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേട് കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ സഹകരണ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിക്ക് നിർദ്ദേശം നൽകാറുണ്ട്.

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ

141 [2268] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ നാളിതു വരെയുള്ള പ്രവർത്തനത്തിൽ എന്ത് തുക നഷ്ടം വരുത്തിയിട്ടുണ്ട്;

(ബി) ഇപ്പോൾ ഫെഡറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പുതുതായി എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ഡി) സംഘത്തിന്റെ കടബാദ്ധ്യതകൾ എത്ര കോടിയാണ്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം സാമ്പത്തിക സഹായം ഫെഡറേഷന് നൽകുകയുണ്ടായി;

(എഫ്) സംഘം എൻ.സി.ഡി.സി. സഹായത്തിനുവേണ്ടി സമർപ്പിച്ച പദ്ധതികളെന്തെല്ലാമാണ്; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 വരെയുള്ള ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 63.38 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) വളം, കീടനാശിനികൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ വിപണനം.

(സി) പുതിയ ബ്രാന്റ് നാമത്തിൽ വെളിച്ചെണ്ണ വിപണിയിൽ ഇറക്കുന്നതിനായി മൂവാറ്റുപുഴയിൽ ഒരു ആധുനിക മിൽ കരാർവ്യവസ്ഥയിൽ ഒരു വർഷത്തേക്ക് എടുത്തിട്ടുണ്ട്. ഫെഡറേഷൻ നിർത്തിവച്ചിരുന്ന കൊപ്രാ സംഭരണവും 2004 മെയ് മാസം മുതൽ പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) 30.24 കോടി (31-3-2004 വരെ).

(ഇ) ഫെഡറേഷൻ വിവിധ ഇനങ്ങളിൽ സർക്കാരിന് നൽകുവാനുണ്ടായിരുന്ന തുകകൾ വിവിധ കാർഷികോല്പന്ന സംഭരണ പദ്ധതികളിലായി സർക്കാർ ഫെഡറേഷനു നൽകുവാനുണ്ടായിരുന്ന തുകകളിൽ തട്ടിക്കിഴിച്ച് ഫെഡറേഷന്റെ സഞ്ചിത നഷ്ടം കുറക്കുവാൻ സഹായിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളിൽ വർഷങ്ങളായി നിലനിന്നിരുന്ന കടങ്ങൾ വീട്ടാനായി 15 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കുന്നതിന് ഗ്യാരന്റി നൽകി.

ഫെഡറേഷനിൽനിന്ന് കിട്ടാനുണ്ടായിരുന്ന പണം ഈടാക്കാനായി സാമ്പത്തിക സ്ഥാപനങ്ങളിൽ ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിലും സഹകരണ ടിബ്യൂണലിലും ഫയൽ ചെയ്തിരുന്ന കേസ്സുകൾ തീർപ്പാക്കാൻ സഹായിച്ചു.

വിൽപ്പന നികുതി വകുപ്പ് ചുമത്തിയ പർച്ചേസ് ടാക്സ് (64.78 ലക്ഷം രൂപ) ഒഴിവാക്കികൊടുത്തു.

വിവിധ അംഗസംഘങ്ങളിൽ നിന്നും വർഷങ്ങളായി കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിനായി ഒരു പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാൻ അനുമതി നൽകി.

ദേശീയ സഹകരണ വികസന കോർപ്പറേഷനിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള അപേക്ഷ ശുപാർശ ചെയ്ത് അയച്ചു.

(എഫ്) ഫെഡറേഷന്റെ പുനരുദ്ധാരണത്തിനായി ടാറ്റാ കൺസൾട്ടൻസി സർവീസ് തയ്യാറാക്കി സമർപ്പിച്ച ഒരു പുനരുദ്ധാരണ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന പ്രവർത്തന മൂലധന സമാഹരണത്തിന്റെ ഭാഗമായിട്ടാണ് 2003-2004 വർഷത്തേക്ക് 8.63 കോടി രൂപ എൻ.സി.ഡി.സി.-യിൽനിന്ന് മാർജിൻമണി സഹായമായി അപേക്ഷിച്ചത്. കടം ഒഴിവാക്കി വളം വാങ്ങുന്നതിനും അതിനുള്ള റിബേറ്റ് ആനുകൂല്യം നേടാനും സുഗന്ധ വ്യജ്ഞനങ്ങളുടെ കച്ചവടം വിപുലപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ സ്വന്തം ബ്രാന്റിൽ കച്ചവടം നടത്തുന്നതിനുമാണ് ഈ ധനസഹായം ആവശ്യപ്പെട്ടിരിക്കുന്നത്.

കരകുളം സർവ്വീസ് സഹകരണ ബാങ്കിലെ അറ്റൻഡർ നിയമനം

142 [2269] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകുളം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3064-ൽ അറ്റൻഡർ തസ്തികയിലേക്ക് പട്ടികജാതിയിൽപ്പെട്ടവരിൽ നിന്ന് 1997-ൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ആ പോസ്റ്റിലേക്ക് എത്ര പേർ അപേക്ഷിച്ചു;

(ബി) അതിൽനിന്ന് ആരെയാണ് നിയമിച്ചത്;

(സി) നിയമിക്കപ്പെട്ടയാൾ ഹിന്ദുവായി മതപരിവർത്തനം ചെയ്തയാളാണോ; എങ്കിൽ അയാളെ ഹിന്ദുവായി മതപരിവർത്തനം ചെയ്തുവെന്ന് സർട്ടിഫിക്കറ്റ് നൽകിയതാരാണ്; പ്രസ്തുത സർവ്വീസ് സഹകരണ ബാങ്കിൽ പട്ടികജാതിക്കാർക്ക് റിസർവ്വ് ചെയ്ത അറ്റൻഡർ തസ്തികയിൽ ക്ഷേത്രം പൂജാരിയുടെ സർട്ടിഫിക്കറ്റ് പ്രകാരമാണോ നിയമനം നടത്തിയിട്ടുള്ളത്; എങ്കിൽ അനധികൃതമായി സർട്ടിഫിക്കറ്റ് നൽകിയ ക്ഷേത്രം പൂജാരിയുടെ മേൽ എന്ത് നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly